# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2441 20.06.2012-ൽ മറുപടിയ്ക്ക്

## മറാഠി സമുദായത്തിൽപ്പെട്ടവരെ പട്ടികവർഗ്ഗ ലിസ്റ്റിൽ നിന്നും ഒഴിവാക്കിയ നടപടി

| ചോദ്യം: | ഉത്തരം: |
| --- | --- |
| ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) | കുമാരി പി.കെ.ജയലക്ഷ്മി<br>(പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ലാവുകളും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| കാസർഗോഡ് ജില്ലയിലെ വളരെ പിന്നോക്കവും ഭാഷാ ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവരുമായ മറാഠി സമുദായത്തിൽപ്പെട്ടവരെ പട്ടികവർഗ്ഗ ലിസ്റ്റിൽ നിന്നും ഒഴിവാക്കിയ നടപടി പുന:പരിശോധിക്കുന്നതിനും, ഇവരെ ഈ ലിസ്റ്റിൽ തന്നെ നിലനിർത്തുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ച തെന്ന് വ്യക്തമാക്കാമോ ? | കാസർഗോഡ് ജില്ലയിലെ മറാഠി സമുദായത്തെ സംസ്ഥാന സർക്കാരിന്റെ ശുപാർശ പ്രകാരം, 2002-ലെ അമന്റ്മെന്റ് ആക്ട് പ്രകാരം സംസ്ഥാനത്തിന്റെ പട്ടികവർഗ്ഗ പട്ടികയിൽ നിന്ന് കേന്ദ്ര സർക്കാർ ഒഴിവാക്കിയിരുന്നു. എന്നാൽ പ്രസ്തുത സമുദായത്തെ സംസ്ഥാനത്തെ പട്ടികവർഗ്ഗ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് ടി സമുദായത്തിനുള്ള അർഹത കണക്കി ലെടുത്ത്, വീണ്ടും കേന്ദ്ര സർക്കാരിനോട് ശുപാർശ ചെയ്തിരുന്നു. തുടർന്ന് പ്രസ്തുത ശുപാർശയിന്മേൽ അടിയന്തിരമായ നടപടി കൈക്കൊള്ളണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് കേന്ദ്ര സർക്കാരിന്റെ പട്ടികവർഗ്ഗ മന്ത്രാലയത്തിന് ഈ വകുപ്പിൽ നിന്നും 03.10.2008-ലും, 17.09.2009, 31.08.2010 തീയതികളിലും കത്തുകളയച്ചിരുന്നു. വിഷയത്തിന്മേൽ ഒടുവിലായി 13.06.2012-ന് കേന്ദ്ര പട്ടികവർഗ്ഗ കമ്മീഷൻ ചെയർമാൻ, പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുമായി ന്യൂഡൽഹിയിൽവച്ച് ചർച്ചനടത്തിയിട്ടുണ്ട്. പ്രസ്തുത ചർച്ചയിൽ ഇക്കാര്യത്തിലുള്ള സംസ്ഥാന സർക്കാരിന്റെ നിലപാട് കേന്ദ്ര പട്ടികവർഗ്ഗ കമ്മീഷൻ |

ചെയർമാനെ ധരിപ്പിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ ഈ വിഷയത്തിലുള്ള ശുപാർശയിന്മേൽ അനന്തര നടപടികൾ കൈക്കൊണ്ട് ഭരണഘടനാ ഭേദഗതി നടപ്പിൽ വരുത്തി പ്രസ്തുത സമുദായത്തെ സംസ്ഥാനത്തിന്റെ പട്ടികവർഗ്ഗ ലിസ്റ്റിൽ ഉൾപ്പെടുത്തേണ്ടത് കേന്ദ്ര സർക്കാരാണ്.

സെക്ഷൻ ഓഫീസർ